LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 മാർച്ച് 14, തിങ്കൾ

വാല്യം CXXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 20

നിയമസഭ 2005 മാർച്ച് മാസം 14-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *413

പണമിടപാടുകാർ അമിത പലിശ ഈടാക്കുന്നത് തടയാൻ നടപടി

*1 [413] ശ്രീ. കെ. വി. കുഞ്ഞിരാമൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, എ. കെ. ബാലൻ :
,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പണമിടപാട് സ്ഥാപനങ്ങൾ നൽകുന്ന വായ്പകൾക്കോ സ്വർണ്ണപ്പണയത്തിന്മേൽ നൽകുന്ന തുകയ്ക്കോ ഈടാക്കാവുന്ന പരമാവധി പലിശ എത്ര ശതമാനമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

2/655/2012—3.

(ബി) അമിത പലിശ ഈടാക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ,

(എ) പരമാവധി പലിശ നിശ്ചയിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള ഭേദഗതി 2004-ലെ ധനകാര്യ ആക്ടിൽ അവതരിപ്പിച്ചിട്ടുണ്ട്. 1958-ലെ കേരള മണി ലെൻഡേഴ്സ് നിയമം വകുപ്പ് 7(1) പ്രകാരം കൊമേഴ്സ്യൽ ബാങ്ക് ഈടാക്കുന്ന പലിശ നിരക്കിൽ നിന്ന് രണ്ടു ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കുവാൻ പാടില്ല.

(ബി & സി) മണി ലെന്റിംഗ് നിയമത്തിന്റെ കീഴിൽ വരുന്ന രജിസ്റ്റർ ചെയ്ത പണമിടപാടുകാർ അമിത പലിശ ഈടാക്കുന്നതായി രേഖാമൂലം പരാതി നൽകുന്നത് വിശദമായി അന്വേഷിക്കുകയും നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

തിരുവനന്തപുരം ജില്ലയിൽ താഴേ വിളാകം ബാങ്കേഴ്സ് പുത്തൻതോപ്പ് എന്ന സ്ഥാപനത്തിനെതിരെ 3,56,614 രൂപ പിഴ ചുമത്തിയിട്ടുണ്ട്. മട്ടാഞ്ചേരിയിൽ മാസ്റ്റേഴ്സ് ഫിനാൻസ് എന്ന സ്ഥാപനത്തിനെതിരെ 1000 രൂപ പിഴ ചുമത്തിയിട്ടുണ്ട്. തൊടുപുഴയിൽ പി.എൻ. കൃഷ്ണൻ നമ്പൂതിരി (പെരിങ്ങോട്ടുകര ഫിനാൻസ്)-യുടെ പേരിൽ അധിക പലിശയായ 27,138 രൂപയും പിഴയായി 50,000 രൂപയും ചുമത്തി ഇടുക്കി കളക്ടർക്ക് റവന്യു റിക്കവറിയായി അയച്ചിട്ടുണ്ട്. കോട്ടയം, പാലക്കാട് ജില്ലകളിൽ ബന്ധപ്പെട്ട കക്ഷികൾക്ക് നിയമപ്രകാരമുള്ള നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. എം. വി. ജയരാജൻ: 1958-ലെ കേരള മണി ലെൻഡേഴ്സ് നിയമം വകുപ്പ് 7 (1) പ്രകാരം കൊമേഴ്സ്യൽ ബാങ്ക് രണ്ടു ശതമാനത്തിൽ കൂടുതൽ പലിശനിരക്ക് ഈടാക്കാൻ പാടില്ലെന്ന് പറഞ്ഞിട്ടാണ് അങ്ങയുടെ മറുപടി. യാഥാർത്ഥ്യം എന്താണെന്നു ചോദിച്ചാൽ 400 ശതമാനം വരെ പലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അപ്പോൾ കാർഷിക മേഖലയിലാണ് ഇത് ഏറ്റവും കൂടുതൽ ദുരിതം ഉണ്ടാക്കുന്നത്. നിയമസഭയിൽ ചോദിച്ച ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞത് 1924 കൃഷിക്കാർ ആത്മഹത്യ ചെയ്തു എന്നാണ്. അതിൽ പകുതിയിലേറെ പേരും സ്വകാര്യ ബ്ലേഡുകാരിൽ നിന്നും വായ്പയെടുത്ത കൃഷിക്കാരാണ്. സ്വകാര്യ ബ്ലേഡുകാർ, മറ്റൊരു കാലത്തും ഇല്ലാത്തവിധത്തിൽ വളർന്നുവന്നിരിക്കുകയാണ്. അതിനു കാരണം സഹകരണ മേഖലയുടെ തകർച്ചയാണ്. മറ്റൊന്ന് ഒരു സമാന്തര സമ്പദ്ഘടനപോലെ കള്ളപ്പണത്തിന്റെ ഒഴുക്ക് വ്യാപകമാകുകയാണ്. ലോട്ടറി, ചന്ദനം, മദ്യലോബികൾ തുടങ്ങിയവർ അനധികൃതരീതിയിൽ ഉണ്ടാക്കുന്ന പണമാണ് ഒരു സമാന്തര സമ്പദ്വ്യവസ്ഥപോലെ ബ്ലേഡുകാരുടെ കൈയിലെത്തുകയും അവർ അത് കൊള്ളപ്പലിശയ്ക്ക് വായ്പ കൊടുക്കുകയും ചെയ്യുന്നത്. കോ-ഓപ്പറേറ്റീവ്

LIBRARY ARCHIVES Kerala Legislative Assembly

സെക്ടറിൽ മാത്രം പതിനാറായിരം കോടി രൂപയാണ് വിനിമയം ചെയ്യുന്നത്. അതിനേക്കാൾ കൂടുതൽ തുകയാണ് വിനിമയമായി കൃഷിക്കാർ ഉൾപ്പെടെയുള്ള നാട്ടിലെ ജനങ്ങളെ ദ്രോഹിക്കുന്നതിന് ഉപയോഗിക്കുന്നത്. സമാന്തര സമ്പദ്ഘടനയായി കൊള്ളപ്പലിശയുടെ അടിസ്ഥാനത്തിൽ വളർന്നുവന്ന ഈ മേഖലയെ കർശനമായി നിയന്ത്രിക്കുന്നതിന് 1958-ലെ നിയമം അപര്യാപ്തമാണ്. അതുകൊണ്ട് പുതുതായി ഫലപ്രദമായ ഒരു നിയമം കൊണ്ടുവരാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ശ്രീ. എം. വി. ജയരാജൻ പറയുന്നതിൽ കുറച്ച് വസ്തുതകൾ ഉണ്ട്. അത് പരിശോധിക്കാം. എങ്കിലും ഫോർ യുവർ ഇൻഫർമേഷൻ, 2003-2004-ൽ ബഡ്ജറ്റിനോടനുബന്ധിച്ച് ഉണ്ടായ ഫിനാൻസ് ബില്ലിൽ മണി ലെൻഡേഴ്സ് ആക്ടിന് ഒരു അമെന്റ്മെന്റ് കൊണ്ടുവന്നു. ആ അമെന്റ്മെന്റ് പ്രകാരം ഗവൺമെന്റിന് പരമാവധി പലിശ നോട്ടിഫൈ ചെയ്യാനുള്ള അധികാരം കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ 12 ശതമാനത്തിൽ കൂടുതൽ സ്വകാര്യ മണി ലെൻഡേഴ്സ് പലിശ ഈടാക്കാൻ പാടില്ലെന്ന് ഒരു നിയമം കഴിഞ്ഞ ആഴ്ച പാസ്സാക്കിയിട്ടുണ്ട്. അത് ഉടനെതന്നെ ഗസറ്റിൽ കൊടുക്കുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ: അതിനെപ്പറ്റി ഒരുപാട് കാര്യങ്ങൾ പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. ഈ വ്യവസ്ഥ സമാന്തര സമ്പദ്ഘടന്പോലെ വളർന്നുകൊണ്ടിരിക്കുകയാണ്. ഈ സംവിധാനം മൂലമുണ്ടായ വ്ളരെ പ്രധാനപ്പെട്ട ഒരു ഇൻസിഡന്റ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വയനാട് ജില്ലയിലെ ശശി എന്ന കൃഷിക്കാരൻ അൻപതിനായിരം രൂപ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് കടമെടുത്തു. ചന്ദ്രൻ എന്ന വ്യക്തിയിൽ നിന്നും ഇരുപത്തിയയ്യായിരം രൂപ കടമെടുത്തു. കാർഷികമേഖലയിലെ തകർച്ചമൂലം ഇയാൾക്ക് ലോൺ തിരിച്ചടയ്ക്കാൻ കഴിഞ്ഞില്ല. അപ്പോൾ ഹംസ എന്ന സ്വകാര്യ ബ്ലേഡുകാരനെ സമീപിച്ചു. അയാൾ മൂന്നേക്കർ അറുപത്തിയേഴു സെന്റ് സ്ഥലത്തിന്റെ രേഖ ശശിയുടെ കൈയിൽ നിന്ന് വാങ്ങി, എന്നിട്ട് ഈ രേഖ വച്ച് നിലവിലുള്ള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലുള്ള പണം തിരിച്ചടച്ചു. കാരണം മുദ്രപ്പത്രത്തിൽ ഒപ്പിട്ടുകൊടുത്തിരിക്കുകയാണ്. രേഖകൾ ദുർവിനിയോഗം ചെയ്ത് ഹംസ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് ശശിയുടെ പേരിൽ പത്തു ലക്ഷം രൂപ ലോൺ എടുത്തിരിക്കുകയാണ്. ഇത്രയും ഗൗരവമായ രീതിയിൽ ഈ ബ്ലേഡ് സ്ഥാപനങ്ങൾ ബ്ളേഡ് രീതിയിൽ പ്രവർത്തിക്കുന്ന വ്യക്തികളായി മാറിക്കൊണ്ടിരിക്കുന്ന പരിസ്ഥിതിയിൽ തീർച്ചയായും അങ്ങ് ഇവിടെ പറഞ്ഞ പലിശ നിയന്ത്രണ വ്യവസ്ഥ മാത്രം പോരാ, ഈ അക്രമികളടക്കമുള്ള സാമൂഹ്യവിരുദ്ധരെ അടക്കം സൃഷ്ടിക്കുന്ന, ഒരു സമാന്തര അണ്ടർവേൾഡ് സംവിധാനമാണ് ഇതെന്നുള്ളതുകൊണ്ട് ഇത് തടയാൻ ക്രിമിനൽ നടപടിച്ചട്ടത്തിലും ഐ.പി.സി-യിലും ആവശ്യമായ ഭേദഗതി വരുത്തുന്നതിന് നടപടി എന്തെങ്കിലും ഗവൺമെന്റ് സ്വീകരിക്കുമോ?

2/655/2012—3a.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: നിലവിലുള്ള മണി ലെൻഡേഴ്സ് ആക്ടിൽ ഇതിനെല്ലാം പ്രൊവിഷനുണ്ട്. പക്ഷെ അതിനെപ്പറ്റി ആരും ഇനിഷ്യേറ്റീവ് എടുക്കുന്നില്ല. മണിലെൻഡേഴ്സിന്റെ വീട് പരിശോധിക്കാനും റിക്കോർഡ്സ് പരിശോധിക്കാനും പ്രൊവിഷനുണ്ട്. പണം പിരിക്കുന്നതിനു ഹരാസ് ചെയ്യുകയാണെങ്കിൽ അത് ശിക്ഷാർഹമാണ്, അതെല്ലാം ഈ നിയമത്തിൽ പറഞ്ഞിട്ടുണ്ട്. പക്ഷെ ഇതാരും ചെയ്യുന്നില്ല. പലിശ 12 ശതമാനത്തിൽ കൂടുതൽ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. അതിൽക്കൂടുതൽ ആരെങ്കിലും ചോദിക്കുകയാണെങ്കിൽ ഇപ്പോൾത്തന്നെ നിയമത്തിൽ വകുപ്പുണ്ട്. കോടതിയിൽ അടച്ചാൽ മതി. ഏത് കോടതിയിലാണോ ഇതു സംബന്ധിച്ച് കേസ് കൊടുക്കാൻ അർഹതയുള്ളത് ആ കോടതിയിൽ അവർ ഡെപ്പോസിറ്റ് ചെയ്താൽ മതി. അവരുടെ പേരിൽ ഒരു നടപടിയും എടുക്കാൻ ഒക്കില്ല. നോട്ടിഫൈ ചെയ്തിരിക്കുന്ന 12 ശതമാനം കോടതിയിൽ അടയ്ക്കുകയാണെങ്കിൽ അവരുടെ പേരിൽ ഒരു നടപടിയും എടുക്കാൻ പറ്റില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ മിക്കതും ബ്ലേഡ് കമ്പനികളായിട്ടാണ് ഇപ്പോൾ അറിയുന്നത്. ഇത്തരം സ്ഥാപനങ്ങൾ പരമാവധി വാങ്ങാനുള്ള പലിശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിന് വിരുദ്ധമായി വളരെക്കൂടുതൽ പലിശ ഈടാക്കുന്ന സ്ഥാപനങ്ങളുടെ മേൽ നടപടിയെടുക്കാമെന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കി. എന്നാൽ മന്ത്രി വായിച്ച ലിസ്റ്റിൽ നടപടിയെടുത്ത കൂട്ടത്തിൽ ഒരു സ്ഥാപനത്തിന്റെ പേരിൽ 1000 രൂപ പിഴയാണ് ചുമത്തിയത് എന്നുപറഞ്ഞു. അപ്പോൾ പരമാവധി പിഴ ചുമത്തുന്നതിനുപകരം ഇത്തരം ലഘുവായ ശിക്ഷ കൊടുക്കുന്നത്, ഇത്തരത്തിലുള്ള ബ്ലേഡ് കമ്പനികൾക്ക് പ്രോൽസാഹനമായി ഗവണ്മെന്റ് പ്രവർത്തിക്കുന്നു എന്നുള്ളതിന്റെ തെളിവല്ലേ, പരമാവധി ശിക്ഷ എന്തുകൊണ്ടാണ് കൊടുക്കാതിരുന്നത്?

ശ്രീ. വക്കം പുരുഷോത്തമൻ: അത് പരിശോധിക്കാം, ചിലപ്പോൾ എമൗണ്ട് കുറവായിരിക്കും, അപ്പോൾ പലിശയും കുറവായിരിക്കും. ഓരോ കേസും പ്രത്യേകമായി പരിശോധിച്ചിട്ടില്ല, ഇനി പരിശോധിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഒരു കേസിൽ 1000 രൂപയാണ് പിഴ കൊടുത്തത്. എന്റെ ചോദ്യം ഇത്തരത്തിലുള്ള പണമിടപാടു സ്ഥാപനങ്ങൾ ബ്ലേഡ് കമ്പനിക്കാരിൽ നിന്ന് എടുത്ത കടമാണ് കേരളത്തിലെ കൃഷിക്കാരിൽ വളരെക്കൂടുതൽ പേരെ ആത്മഹത്യയിലേക്ക് തള്ളിവിട്ടത്. സഹകരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റ് ബാങ്കുകളിൽ നിന്നോ എടുത്ത കടം കൊണ്ടല്ല മിക്ക കൃഷിക്കാരും ആത്മഹത്യ ചെയ്യുന്ന സ്ഥിതിവിശേഷം സംസ്ഥാനത്ത് ഉണ്ടായത്. സഹകരണ സ്ഥാപനങ്ങളിൽനിന്നും മറ്റ് ബാങ്കുകളിൽ നിന്നും എടുത്ത കടത്തിനാണ് ഇപ്പോൾ ഗവൺമെന്റ് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളത്. മഹാരാഷ്ട്രയിലെയും ആന്ധ്രയിലെയും ഗവൺമെന്റ് സ്വകാര്യ പണമിടപാടു

സ്ഥാപനങ്ങളിൽ നിന്ന് കൃഷിക്കാരെടുത്ത കടത്തിന് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. അത്തരത്തിലുള്ള ഒരു നിലപാട് സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: നോട്ടീസില്ലാതെ മറുപടി പറയാൻ ഒക്കില്ല. ഗവൺമെന്റ് നയപരമായ തീരുമാനം എടുക്കേണ്ടതാണ്.

ശ്രീ. എ. കെ. ബാലൻ: കേരളത്തിലെ സഹകാരി പണമിടപാടുസ്ഥാപനങ്ങളെ നിയന്ത്രിക്കാൻ ഗവണ്മെന്റ് നിയന്ത്രണത്തിൽ നിരവധി സംവിധാനങ്ങളുണ്ട്. അതിലൊന്നാണ് കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്. എൽ.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ 175 ബ്രാഞ്ചുകളുണ്ടായിരുന്നത് ഇപ്പോൾ 250 ബ്രാഞ്ചുകളായി വർദ്ധിച്ചു. ഒരു കോടി എൺപതു ലക്ഷം രൂപ ലാഭമുണ്ടായിരുന്ന സ്ഥാപനം 36 കോടി രൂപയാക്കി ലാഭം എത്തിച്ചു. 1600 പേരെ പി.എസ്.സി. മുഖേന രണ്ടു പ്രാവശ്യമായി ഈ സ്ഥാപനത്തിൽ നിയമിച്ചു. ആ സ്ഥാപനം ഇന്ന് മരണത്തിന്റെ വക്കിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. 1967-ൽ കുഞ്ഞു സാഹിബ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് സഹകാരി പണമിടപാടു സ്ഥാപനങ്ങളെ മുക്കുകയറിടാൻ വേണ്ടി കൊണ്ടുവന്നതാണ്. ഈ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് അങ്ങ് സ്പീക്കറായിരുന്ന സമയത്ത് ശ്രീ. കെ. ശങ്കരനാരായണൻ ധനകാര്യ വകുപ്പ് കൈകാര്യം ചെയ്തിരുന്നപ്പോൾ നിയമം കൊണ്ടുവന്നു. കേരളത്തിൽ പ്രവർത്തിക്കുന്ന പണമിടപാടു സ്ഥാപനങ്ങൾക്ക് മുക്കുകയറിടുന്ന നിയമം. അതായത് കേരളത്തിന് വെളിയിൽ പ്രവർത്തിക്കുന്ന സഹകാരി കമ്പനികൾക്ക് ഇവിടെ ബ്രാഞ്ച് തുടങ്ങണമെങ്കിൽ അതിൽ 20 ശതമാനം കേരളത്തിന്റെ സബ്സ്ക്രൈബേഴ്സാണെങ്കിൽ കണിശമായും ഇവിടെ രജിസ്റ്റർ ചെയ്തിരിക്കണമെന്ന നിയമം കൊണ്ടുവന്നു. ആ നിയമപ്രകാരം ഏതെങ്കിലും കമ്പനികൾ ഇവിടെ രജിസ്റ്റർ ചെയ്തിട്ടുണ്ടോ? അതുവഴി എന്തെങ്കിലും റവന്യൂ വരുമാനം ഗവണ്മെന്റിന് കിട്ടിയിട്ടുണ്ടോ? 2004-ലെ ധനകാര്യ ബില്ലിന്റെ ഭാഗമായിട്ടുള്ള സെഷനിലാണ് ആ നിയമം കൊണ്ടുവന്നത്. ഞാൻ അന്നത്തെ സ്പീക്കറുടെ ചേമ്പറിൽ ചെന്നുപറഞ്ഞു. കെ.എസ്.എഫ്.ഇ. സഹകാരി വൽക്കരിക്കാൻ പോകുന്നതിന്റെ ഒരു അന്തർനാടകം ഇവിടെ നടക്കുകയാണ് എന്ന്. അതിന്റെ ഭാഗമായിട്ടാണ് ഞാൻ ചില കാര്യങ്ങൾ പറഞ്ഞത്. ബഹുമാനപ്പെട്ട അങ്ങ് ഈ വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നിയന്ത്രണത്തിലുള്ള കെ.എസ്.എഫ്.ഇ.-യെ ബ്ലേഡ് മാഫിയ സംഘത്തിന്റെ അന്തകനാക്കാൻ പറ്റുമോ? ഇതിൽ കാലോചിതമായ ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രീതിയിലുള്ള പരാതി ഇതുവരെ എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട എ. കെ. ബാലൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അതിനെപ്പറ്റി അടിയന്തിരമായി അന്വേഷണം നടത്തുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: നാലു വർഷമായിട്ടും ബഹുമാനപ്പെട്ട മന്ത്രിയുടെ നിയന്ത്രണത്തിലുള്ള കെ.എസ്.എഫ്.ഇ.-യിൽ ഒരു പുതിയ ബ്രാഞ്ചുപോലും തുടങ്ങിയിട്ടില്ല. ബ്ലേഡ് മാഫിയാ സംഘത്തിന്റെ നിയന്ത്രണത്തിൽപ്പെട്ട് നട്ടംതിരിയുന്ന ആയിരക്കണക്കിന് ജനങ്ങളുണ്ട്. അവരെ സംരക്ഷിക്കുന്നതിന് Protection of Depositors Interest Act എന്ന ഒരു നിയമം കൊണ്ടുവരുന്നതിന് അങ്ങ് ശ്രമിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ആ നിയമംകൊണ്ട് ഇന്ന പ്രയോജനമുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ എന്നോട് ചർച്ച ചെയ്ത് തരികയാണെങ്കിൽ തീർച്ചയായിട്ടും ഞാൻ അതിനെപ്പറ്റി ആലോചിക്കും. അത് ചെയ്യുകയും ചെയ്യാം.

ശ്രീ. പി. ടി. തോമസ്: ബ്ലേഡ് കമ്പനികളെന്നറിയപ്പെടുന്ന അമിത പലിശയ്ക്ക് പണം കൊടുക്കുന്ന ഇടപാടുകാരായി കേരളത്തിലെ എല്ലാ പഞ്ചായത്തിലും മുന്നുനാല് പ്രധാനപ്പെട്ട ആളുകൾ ഇപ്പോഴുമുണ്ട്. പോലീസിനെപ്പോലും അവർ ദുരുപയോഗം ചെയ്യാൻ ശ്രമിക്കുന്നുണ്ട്. അതുപോലെതന്നെ ഉദ്യോഗസ്ഥർ മാഫിയാ സംഘംചേർന്ന് അക്രമം, പിടിച്ചുപറി തുടങ്ങിയ എല്ലാ കാര്യങ്ങളും നടത്തുന്നുണ്ട്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, പണം കൊടുത്തിട്ട് ബ്ലാങ്ക് ചെക്കുകൾ വാങ്ങി സൂക്ഷിക്കുകയാണ്. ഇത്തരം പ്രമാണിമാരായ ആളുകളുടെ വീടുകളിൽ റെയ്ഡുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്താൽ ഇവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ കഴിയും. അടുത്തകാലത്ത് ഏറ്റുമാനൂരിലുള്ള ബ്ലേഡ് കമ്പനിക്കാരുടെ ഭീഷണി ഭയന്ന് ഒരു കുടുംബം ഒളിച്ചോടി ഇടുക്കിയിൽ വന്ന് താമസിക്കുന്നു. അവർ പരാതിയുമായി എം.എൽ.എ. എന്ന നിലയ്ക്ക് എന്റെ അടുക്കൽ വന്നു. കൊല്ലും കൊലയും നടത്താൻ തയ്യാറായി ഇവർ, കേരളത്തിലെ ഗുരുതരമായ പല സംഭവവികാസങ്ങൾക്കും പിന്നിൽ പ്രവർത്തിക്കുന്നുണ്ട്. ഇവർക്കെതിരെ കർക്കശ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ? അടുത്തകാലത്ത് തമിഴ്നാട്ടിൽനിന്ന് വൻ സംഘങ്ങൾ ഇവിടെ വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ ഗൗരവതരമായ ഒരു സമീപനം സ്വീകരിക്കുമോ? ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ മീറ്റിംഗ് വിളിച്ചുകൂട്ടി ഇവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: നിയമത്തിൽ ചില പോരായ്മകളുണ്ടെങ്കിലും ഇപ്പോഴും നിയമമുണ്ട്. ഇതിന് പബ്ലിക് അവെയർനെസ്സ് ഉണ്ടാകണം. നമ്മൾ ഇപ്പോൾ ആവശ്യത്തിലധികം രാഷ്ട്രീയ അതിപ്രസരം നടത്തുന്നുണ്ട്. ഇമ്മാതിരി കാര്യങ്ങൾ നമ്മൾ കുറച്ച് ശ്രദ്ധിക്കണം. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ നടത്തുന്ന 9,018 ലൈസൻസികളുണ്ട്. ഇവരെല്ലാം കുറച്ച് അക്രമമാണ് കാണിക്കുന്നത്. അമിത പലിശയാണ് ഈടാക്കുന്നത്. ഇവരെ നിയന്ത്രിക്കാൻ നമുക്കുള്ള വഴിയാണ് ഞാൻ നേരത്തെ പറഞ്ഞത്. 12 ശതമാനത്തിൽ കൂടുതൽ പലിശ കൊടുക്കേണ്ടതില്ലെന്ന് ഗവണ്മെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ കൂടുതൽ കൊടുക്കരുത്. അതിൽ കൂടുതൽ ചോദിച്ചാൽ കോടതിയിൽ ഡെപ്പോസിറ്റ് ചെയ്താൽ മതി. ഇക്കാര്യത്തിൽ പൊതുപ്രവർത്തകർ കുറച്ച് ഇനിഷ്യേറ്റീവ് എടുക്കണം. ഇതൊരു മാനേഴ്സാണ്.

ബ്ലേഡ് കമ്പനിയെന്നല്ല അതിനേക്കാൾ കടുത്ത വാക്കുണ്ടെങ്കിൽ അതാണ് ഉപയോഗിക്കേണ്ടത്. നമ്മൾ ഉണർന്നു പ്രവർത്തിച്ചാൽ മാത്രമേ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയൂ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ലൈസൻസുപോലും ഇല്ലാത്ത ആളുകളാണ് ഇതിൽ പ്രവർത്തിക്കുന്നതെന്നാണ് അവരെ നമുക്ക് ശിക്ഷിക്കാൻ നിയമമുണ്ട്. ലൈസൻസില്ലാതെ ചെയ്താൽ കുറഞ്ഞത് മൂന്നു മാസം അല്ലെങ്കിൽ 3 കൊല്ലം പിന്നെ 50,000 രൂപവരെ പിഴ ഈടാക്കി ശിക്ഷിക്കാനുമുള്ള വകുപ്പുണ്ട്. അതിന് ബഹുമാനപ്പെട്ട അംഗം ഇനിഷ്യേറ്റീവ് എടുക്കണം. അതൊരു കൊഗ്നൈസബിൾ ഒഫൻസാണ്. പോലീസിൽ റിപ്പോർട്ട് ചെയ്താൽ കേസ് എടുക്കാൻ നിർബ്ബന്ധിതരാണ്. അവരെ ശിക്ഷിക്കാൻ കഴിയും.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ:</u> ബ്ലേഡ് കമ്പനികൾക്കെതിരായി കർശന നടപടികൾ യാതൊരു ദാക്ഷിണ്യവുമില്ലാതെ എടുക്കേണ്ടതാണ്. അതിന് എല്ലാ ഭാഗത്തുനിന്നും സപ്പോർട്ടുണ്ട്. എന്നാൽ നിയമാനുസൃതമായി ഗവണ്മെന്റിന്റെ നിയമ നടപടികളും ചട്ടങ്ങളുമൊക്കെ പാലിച്ച് ലൈസൻസോടുകൂടി വളരെ പ്രശസ്തമായി പ്രവർത്തിക്കുന്ന പല കുറികമ്പനികളും തൃശൂർ ജില്ലയിൽ ഉണ്ട്. ധർമ്മോദയം, ക്ഷേമോദയം തുടങ്ങിയ കുറിക്കമ്പനികൾ 100 വർഷത്തിലേറെ പഴക്കമുള്ള പ്രശസ്ത സ്ഥാപനങ്ങൾ ആണ്. അതിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ട്രേഡ് യൂണിയനുകളും നിയമാനുസൃതമായ വേജസും കാര്യങ്ങളും ഒക്കെയുള്ളതാണ്. ഇത്തരം സ്ഥാപനങ്ങൾക്ക് പുതിയ നിയമഭേദഗതിയിലൂടെ തൃശൂർ ജില്ലയിൽ പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതിവിശേഷമാണ് ഉണ്ടായിരിക്കുന്നത്. അവിടെയുള്ള എം.എൽ.എ. മാരെല്ലാം ഗവണ്മെന്റിന് റെപ്രസന്റ് ചെയ്തിട്ടുള്ളതാണ്. അവരുടെ പ്രശ്നം പ്രത്യേകമായി പരിശോധിച്ച് അതിന് പരിഹാരം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വക്കം പുരുഷോത്തമൻ:</u> ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചത് എന്താണെന്ന് എനിക്ക് മനസ്സിലായില്ല. 12 ശതമാനത്തിൽനിന്നും കൂട്ടണമെന്നാണോ?

<u>മി. സ്പീക്കർ:</u> കുറി ആക്ട് വളരെ പഴക്കം ചെന്നതാണ്. എല്ലാ ജീവനക്കാരുടേയും സുരക്ഷിതത്വം നിലനിർത്തത്തക്കവിധം നടത്തിക്കൊണ്ടുപോകാൻ കുറി ആക്ടിൽ കാലാനുസൃതമായ ഭേദഗതി വരുത്താൻ ഗവണ്മെന്റ് മുൻകൈ എടുക്കുമോ?

<u>ശ്രീ. വക്കം പുരുഷോത്തമൻ:</u> അത് നമുക്ക് പരിശോധിക്കാം.

<u>ശ്രീ. പി. ജെ. ജോയി:</u> ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ ബ്ലേഡ് മാഫിയയെ നിയന്ത്രിക്കാനും പണം ഈടാക്കാനുമൊക്കെ കോടതി വഴി നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കി. ഇവിടെ 12 ശതമാനം പലിശ എന്നുള്ളതല്ല പ്രശ്നം. ബ്ലാങ്ക് ചെക്കും ബ്ലാങ്ക് പ്രോ നോട്ടുമെല്ലാം വാങ്ങി, വേറെ രേഖകളൊന്നുമില്ല. പ്രിൻസിപ്പൽ എമൗണ്ട് എത്രയോ ഇരട്ടി കൂട്ടിയാണ് എഴുതുന്നത്. അപ്പോൾ കോടതിയിൽ പോയാൽ നിലവിലുള്ള സംരക്ഷണം കിട്ടില്ല. അത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം കാര്യങ്ങളെ നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: രഹസ്യമായി പരാതി തന്നാൽ റെയ്ഡ് നടത്താം. അതിനുള്ള വകുപ്പുണ്ട്. ബഹുമാനപ്പെട്ട മെമ്പർമാർ ആരെങ്കിലും അതിനെപ്പറ്റി വിവരം തന്നാൽ 24 മണിക്കൂറിനുള്ളിൽ റെയ്ഡ് ചെയ്ത് നിജസ്ഥിതി കണ്ടുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. ടി. കെ. ദേവകുമാർ: സ്വകാര്യ ബ്ലേഡുകാർക്ക് പോലീസുകാർതന്നെ അവരുടെ ഏജന്റൻമാരായി പലയിടത്തും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന് ഒരു സ്ഥാപനമുണ്ട്. കെ.എഫ്.സി. അവിടെനിന്നും എന്റെ അറിവിൽ ലോണെടുത്ത ആരും രക്ഷപ്പെട്ടിട്ടില്ല കിടപ്പാടം വരെ വിറ്റവരുണ്ട്. സമയബന്ധിതമായി വൺ ടൈം സെറ്റിൽമെന്റുണ്ടാക്കി അവരെ ഒന്നു രക്ഷപ്പെടുത്താൻ അങ്ങ് മുൻകൈ എടുക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കേണ്ടത് കെ.എസ്.എഫ്.ഇ. പോലെ സംസ്ഥാന ഗവൺമെന്റിന്റെ സ്ഥാപനമല്ല ഇത്. കേന്ദ്ര ആക്റ്റനുസരിച്ച് ഇൻഡ്യ ഒട്ടുക്ക് ഉണ്ടായിട്ടുള്ള ഒരു പ്രസ്ഥാനത്തിന്റെ ഭാഗമാണ് കെ.എഫ്.സി. അതിന്റെ ചെയർമാനെയും ഡയറക്ടറെയും നിയമിക്കുന്നത് സിഡ്ബിയാണ്. എം.ഡി.-യെ നിയമിക്കുന്നത് സംസ്ഥാന ഗവൺമെന്റാണ്. ഇതിൽ പ്രൈവറ്റ് ഷെയറും അവരുടെ ഇലക്റ്റഡ് ആളുകളുമുണ്ട്. ബോർഡാണ് അത് തീരുമാനിക്കേണ്ടത്. എങ്കിലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒരു പരിധി വരെ ശരിയാണ്. അവിടെ നിന്നും പണം എടുത്തതിനെക്കുറിച്ച് അനേകം പരാതികൾ എനിക്ക് കിട്ടുന്നുണ്ട്. പക്ഷേ അതിൽ ഒരു ഫൈനൽ ഓർഡർ കൊടുക്കാൻ ഗവൺമെന്റിന് അധികാരമില്ല. പലതും അവരുടെ പരിഗണനയ്ക്ക് വേണ്ടി അയയ്ക്കുന്നുണ്ട്. കുറച്ച് മനുഷ്യത്വപരമായി പെരുമാറണമെന്ന് അവരോട് പറയാറുണ്ട്. എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാം.

ശ്രീ. ടി. പി. എം. സാഹിർ: പണമിടപാടുകാർ ഈടായി വാങ്ങുന്നത് ചെക്കാണ്. അതുകൊണ്ടുതന്നെ ക്രിമിനൽ പ്രൊസിഡുവർ പ്രകാരം പോലീസും കോടതിയും ഒത്തുച്ചേർന്നുകൊണ്ട് സ്വകാര്യ പണമിടപാടുകാർക്ക് സഹായകരമായ ഒരു നിലപാട് എടുക്കുന്ന ഒരു സാഹചര്യമുണ്ട്. അത് ഒഴിവാക്കാൻ രജിസ്റ്റേർഡ് മണി ലെൻഡേഴ്സ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തവരും നാഷണലൈസ്ഡ് ബാങ്കുകൾക്കും കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്കും ഒഴികെ ഈടായി നൽകിയ ചെക്കുകൾ സിവിൽ പ്രൊസിഡുവറിലേക്ക് മാറ്റിയാൽ ഒരു പരിധി വരെ അവർക്ക് പോലീസിൽ നിന്നും കോടതിയിൽ നിന്നും കിട്ടുന്ന സഹായം കുറയും. അതിന് അങ്ങ് ശ്രമിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: അത് പരിശോധിക്കാം.

ശ്രീ. കെ. സി. ജോസഫ്: സ്വകാര്യ പണമിടപാടുകാരിൽ നിന്ന് രക്ഷ നേടാൻ വേണ്ടി ആരംഭിച്ചതാണ് കെ.എസ്.എഫ്.ഇ.-യും കെ.എഫ്.സി.-യും. ഇവിടെ പറഞ്ഞതുപോലെ ഫലത്തിൽ സ്വകാര്യ ബ്ലെയ്ഡ് കമ്പനികളേക്കാൾ മോശമായ സമീപനമാണ് ഈ രണ്ട് സ്ഥാപനങ്ങളും സ്വീകരിക്കുന്നത്. ബാങ്കുകളിലാണെങ്കിലും

ധനകാര്യ സ്ഥാപനങ്ങളിലാണെങ്കിലും ഗവൺമെന്റ് ഇപ്പോൾ ഡെപ്പോസിറ്റിന്റെ ഇന്ററസ്റ്റ് കുറച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ വായ്പയുടെ ഇന്ററസ്റ്റ് കുറയുന്നില്ല. ഡെപ്പോസിറ്റിന്റെ ഇന്ററസ്റ്റ് കുറയുന്നതിന് ആനുപാതികമായി വായ്പയുടെ ഇന്ററസ്റ്റ് കുറയ്ക്കാനും കെ.എസ്.എഫ്.ഇ.-യെയും കെ.എഫ്.സി.-യെയും കുറച്ചുകൂടി people friendly oriented ആക്കാനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വക്കം പുരുഷോത്തമൻ</u>: സർ, കെ.എസ്.എഫ്.ഇ.-യെക്കുറിച്ച് ഈ രീതിയിലുള്ള പരാതിയില്ല. കെ.എസ്.എഫ്.ഇ. ഇപ്പോൾ ഈടാക്കിക്കൊണ്ടിരിക്കുന്നത് 9.5 ശതമാനം തൊട്ട് 13.5 ശതമാനം വരെയുള്ള ഇന്ററസ്റ്റാണ്. പരമാവധി വരുന്നത് 13.5 ശതമാനമാണ്. 9.50 ശതമാനം തൊട്ട് അവർ കൊടുക്കുന്നുണ്ട്. പലതിനും പല റേറ്റാണ്. അതുകൊണ്ട് കെ.എസ്.എഫ്.ഇ.-യെക്കുറിച്ച് ആ രീതിയിലുള്ള പരാതിയില്ല. എന്നുമാത്രമല്ല, മറ്റെങ്ങും ഇല്ലാത്ത രീതിയിൽ ഇപ്പോൾ രണ്ട് ദിവസത്തേക്കാണ് പണം വേണ്ടതെങ്കിൽ ആ രണ്ട് ദിവസത്തെ പലിശ മാത്രം ഈടാക്കിക്കൊണ്ട് അവർ പണം കൊടുക്കുന്നുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കെ.എസ്.എഫ്.ഇ. കർഷകർക്കും പണം എടുക്കുന്നവർക്കുമെല്ലാം വളരെ സഹായകരമാണ്. കെ.എഫ്.സി.-യിൽ തന്നെ കുറേ മാറ്റങ്ങൾ വന്നിട്ടുണ്ട്. കെ.എഫ്.സി.-യിൽ പലിശ 1996-ൽ ഏതാണ്ട് 20.5 ശതമാനമായിരുന്നു. അത് പിന്നീട് 18, 17, 16, 15 എന്നീ നിരക്കിലാക്കി. ഇപ്പോൾ 1-1-2004 മുതൽ അത് 12.5 ശതമാനമായി കുറച്ചു. പുതിയ ആളുകൾക്ക് ഇപ്പോൾ 11.5 ശതമാനത്തിന് കൊടുക്കുന്നുണ്ട്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: ബഹുമാനപ്പെട്ട ഫിനാൻസ് മിനിസ്റ്ററുടെ വാക്കുകളിൽ തന്നെ കെ.എഫ്.സി. ഒരു ബ്ലെയ്ഡ് കമ്പനിയാണ് എന്ന സൂചനയുണ്ട്. അവിടെ പുതിയ ലോണീസിന് 9.5 ശതമാനം ഇന്ററസ്റ്റിൽ കടം കൊടുക്കുമ്പോൾ പഴയ ലോണീസിന് 12.5 ശതമാനം റേറ്റിലാണ് കൊടുക്കുന്നത്. ഇത് എവിടെയും ഇല്ലാത്തതാണ്. കമേഴ്സ്യൽ ബാങ്കിൽ ഇന്ന് 9.5 ശതമാനമാണ് ഇന്ററസ്റ്റ് റേറ്റ്. കൂടാതെ അരിയേഴ്സൊന്നുമില്ലാതെ ലോൺ കറക്റ്റായിട്ട് തിരിച്ചടക്കുന്നവർക്ക് യാതൊരു ആനുകൂല്യവുമില്ല. നേരെമറിച്ച് ഭീമമായ അരിയേഴ്സ് വരുത്തുന്നവർക്ക് വൺ ടൈം സെറ്റിൽമെന്റ് എന്നൊക്കെ പറഞ്ഞ് വളരെ വലിയ ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട്. ഇത് റെക്റ്റിഫൈ ചെയ്യാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും ചെയ്യുമോ?

<u>ശ്രീ. വക്കം പുരുഷോത്തമൻ</u>: അതാണ് ഞാൻ നേരത്തെ പറഞ്ഞത്, കെ.എസ്.എഫ്.ഇ.-യിൽ ഡയറക്ഷൻ കൊടുക്കുന്നതുപോലെയോ നിയന്ത്രിക്കുന്നത് പോലെയോ കെ.എഫ്.സി.-യിൽ നമുക്ക് നിയന്ത്രണമില്ല. എങ്കിലും നമ്മുടെ ഡയറക്ടേഴ്സുണ്ട്, എം. ഡി. നമ്മുടേതാണ്; അവരോട് ഇക്കാര്യം ചർച്ച ചെയ്ത് വരികയാണ്. അതുകൊണ്ടാണ് ഇപ്പോൾ റേറ്റ് കുറച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: സർ, ന്യായമായ പലിശയ്ക്ക് അത്യാവശ്യ ഘട്ടങ്ങളിൽ വായ്പ ലഭിക്കാത്തതുകൊണ്ടാണ് അന്യായമായ പലിശയ്ക്ക് വായ്പയെടുക്കാൻ ആളുകൾ മുതിരുന്നത്. നമ്മുടെ മാർക്കറ്റുകളിൽ എല്ലാ ദിവസവും രാവിലെ 900 രൂപ വായ്പ കൊടുക്കുകയും വൈകുന്നേരം ആയിരം രൂപ തിരിച്ചുവാങ്ങുകയും ചെയ്യുന്ന സംവിധാനമാണുള്ളത്. അതുകൊണ്ട് ചെറിയ വായ്പ ആവശ്യമുള്ളവർക്ക് മൈക്രോ ഫിനാൻസിംഗ് സമ്പ്രദായം വ്യാപകമായി കെ.എഫ്.സി. പോലുള്ള സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? അതുപോലെതന്നെ കൊമേഴ്സ്യൽ ബാങ്കുകൾ സി.ഡി. റേഷ്യോ ഇപ്പോൾ പാലിക്കുന്നില്ല, വിദ്യാഭ്യാസ വായ്പ നൽകുന്നില്ല. ഈ കാര്യങ്ങളിൽ ഗവൺമെന്റ് ഇടപെട്ട് നടപടി സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: അത് ഗവൺമെന്റിന് എത്രത്തോളം ചെയ്യാൻ കഴിയുമെന്നുള്ളത് പ്രത്യേകം പരിശോധിക്കേണ്ടതാണ്. പക്ഷേ ഇന്ന് ആ രീതിയിൽ ധാരാളം ലോൺ കിട്ടുന്നുണ്ട്.

ശ്രീ. സി. കെ. നാണു: ഞങ്ങളുടെ നാട്ടിൽ ഒരു കുറി നടത്തി. പാവപ്പെട്ട ബീഡി തൊഴിലാളികളും കൈത്തറി തൊഴിലാളികളും അതിൽ ചേർന്നു. കുറച്ച് ആളുകൾക്ക് കുറിയിൽ പണം കൊടുത്തു. കുറേ കഴിഞ്ഞ് അതിന്റെ ഉടമസ്ഥൻ ആ സ്ഥലത്ത് നിന്നുമാറി. പത്ത്, മുന്നൂറ് പാവപ്പെട്ട ആളുകൾ കുറി നടത്തുന്നവരെ വളഞ്ഞുവച്ചു. അവസാനം ആ തൊഴിലാളികളെ പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുചെന്നു. അനുഭവം എന്താണെന്ന് പറഞ്ഞാൽ, പാവപ്പെട്ട തൊഴിലാളികൾ കുറിയുടെ ഉടമസ്ഥനെ വളഞ്ഞുവച്ചുവെന്ന് പറഞ്ഞ് അവരുടെ പേരിൽ പോലീസ് കേസെടുത്തു. ഈ പാവപ്പെട്ട തൊഴിലാളികളെ പോലീസ് സ്റ്റേഷനിൽ കൊണ്ടുവരുമ്പോൾ എം.എൽ.എ. എന്നുള്ള നിലയിൽ അവരെ അടിക്കരുതേ എന്ന് പറഞ്ഞ് എങ്ങനെയെങ്കിലും രക്ഷപ്പെടുത്തും. ഇന്നും ആ പാവങ്ങൾക്ക് പണം കിട്ടിയിട്ടില്ല. കുറി നടത്തിയവർ വടകര മാറി കോഴിക്കോട് സുഖമായി ജീവിക്കുന്നു. അവർക്ക് എല്ലാ തരത്തിലുള്ള പ്രൊട്ടക്ഷനുമുണ്ട്. ഇത്തരത്തിൽ തെറ്റായ കുറി നടത്തി പാവപ്പെട്ട ആളുകളെ വഞ്ചിക്കുന്നവരുണ്ടെങ്കിൽ ഉടൻ തന്നെ നിയമപരമായ നടപടിയെടുക്കണം. ഒരു കല്ല്യാണത്തിന് ഭക്ഷണം വിളമ്പുന്ന അവസരത്തിൽ കുറി ഉടമസ്ഥനെ കണ്ടപ്പോൾ ഒരു പാവം ചോദിച്ചു, എന്നെ കഷ്ടപ്പെടുത്തേണ്ട ആവശ്യമുണ്ടായിരുന്നോ എന്ന്? അതിനാണ് പോലീസ് സ്റ്റേഷനിൽ കയറ്റിയത്. ഇത്തരത്തിലുള്ള സാഹചര്യമുണ്ടാകുമ്പോൾ നിർബന്ധമായും ഈ പാവങ്ങളുടെ പണം തിരിച്ചുകൊടുക്കാനുള്ള സംവിധാനമുണ്ടാകണം. ഒരു കാരണവശാലും രജിസ്ട്രേഷനില്ലാതെ കുറി നടത്താനുള്ള സാഹചര്യമുണ്ടാക്കരുത്.

ശ്രീ. വക്കം പുരുഷോത്തമൻ: പോലീസിനെ സംബന്ധിച്ചിടത്തോളം അവരുടെ ജോലി പണം പിരിച്ചുകൊടുക്കലല്ല; Law and Order പാലിക്കലാണ്. നേരെമറിച്ച് ഈ രീതിയിലുള്ള അക്രമങ്ങൾ ആരെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ അത്

ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ എന്തെങ്കിലും ഡയറക്ഷൻ പോലീസിന് കൊടുക്കണമെന്നുണ്ടെങ്കിൽ കൊടുക്കാം. അതുകൊണ്ട് അങ്ങനെയുള്ള പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ബഹുമാനപ്പെട്ട മെമ്പർ ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ: ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ വ്യവസ്ഥാപിതമായ ലൈസൻസികളെ കൂടാതെ കേരളത്തിലെ എല്ലാ ജംഗ്ഷനുകളിലും പണം മടിയിൽ വച്ച് 10 ശതമാനം പലിശയ്ക്ക് കൊടുക്കുന്നവരാണ് കൂടുതലും. 10 ശതമാനം പലിശ എന്നുപറയുമ്പോൾ 10,000 രൂപ കടമെടുത്താൽ അടുത്തവർഷമാകുമ്പോൾ 22,000 രൂപ പലിശ സഹിതം തിരിച്ചുകൊടുക്കണം. 10,000 രൂപ മുടക്കി 12,000 രൂപ പലിശ കൊടുക്കാൻ കഴിയുന്ന ഏത് ലൈസൻസിയാണ് കേരളത്തിലുള്ളത്? ഇതാണ് പ്രധാന പ്രശ്നം. ഇതിനെ നിയന്ത്രിക്കണം. നിലവിലുള്ള ലൈസൻസികൾക്ക് കൊടുക്കാവുന്ന പരിധി എന്നുപറയുന്നത് വളരെ തുച്ഛമായ തുകയാണ്. അത് ഉയർത്തണം. കാരണം സ്വർണ്ണത്തിന് ആയിരം രൂപയ്ക്ക് താഴെ വിലയുണ്ടായിരുന്നപ്പോൾ വച്ചിരുന്ന പരിധിയാണ്. അത് വർദ്ധിപ്പിച്ച് സംസ്ഥാന ഖജനാവിന് കൂടുതൽ വരുമാനമുണ്ടാക്കുന്ന രീതിയിൽ ലൈസൻസ് തുക കൂട്ടിക്കൊണ്ട് തന്നെ അതിന്റെ പരിധി ഉയർത്തുന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: പരിധി കൂട്ടുന്നുണ്ട്. ലൈസൻസ് ഫീ കൂട്ടാൻ നിർവ്വാഹമില്ല. വാസ്തവത്തിൽ ഒരു ലക്ഷം രൂപയെങ്കിലും ലൈസൻസ് ഫീ ആക്കണമെന്നാണ് ആലോചിച്ചത്. ഇത് കുറച്ച് അമിത ലാഭമുണ്ടാക്കുന്ന ബ്ലെയ്ഡ് കമ്പനികൾ ഒഴിവാക്കാമെന്നുള്ള ഉദ്ദേശ്യത്തിലാണ്. ഒരിക്കൽ ഇത് കൂട്ടാൻ ശ്രമിച്ചപ്പോൾ കോടതി അത് set aside ചെയ്ത് കൂട്ടാൻ പറ്റിയില്ല എന്ന് പറഞ്ഞു. അതുകൊണ്ടാണ് 3,000 രൂപ മാത്രമാക്കി നിജപ്പെടുത്തിയിരിക്കുന്നത്. അല്ലെങ്കിൽ അത് കൂട്ടേണ്ടതാണ്. ബ്ലേഡ് കമ്പനിക്ക് അമിതമായ പരിധി കൊടുക്കുന്നത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. ഇതിനൊരു പരിഹാരം ഒരു awareness ഉണ്ടാക്കുക മാത്രമാണ്. നിയമം അവർക്ക് അനുകൂലമാണ്, അമിതമായി കൊടുക്കേണ്ടതില്ലെന്ന് അവർ മനസ്സിലാക്കണം. അമിത പലിശ കൊടുക്കുന്നതിനെതിരായി ചില നടപടികളുണ്ടെന്ന് ആളുകളെ മനസ്സിലാക്കിക്കുകയാണ് പ്രധാനമായും നമ്മൾ ചെയ്യേണ്ടത്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, മണി ലെൻഡർ അല്ലെങ്കിൽ പണമിടപാടുകാരൻ എന്നത് മനോഹരമായ പേരാണ്. യഥാർത്ഥത്തിൽ ഒരു ഡ്രാക്കുളയുടെ സമീപനമാണ് ഈ പലിശക്കാർ സാധാരണക്കാരോട് സ്വീകരിക്കുന്നത്. കേരളത്തിൽ തന്നെ ഒരു സ്ത്രീ അവരുടെ വീട്ടിൽ ആരോ പണമിടപാട് നടത്തി അത് തിരിച്ച് കൊടുത്തില്ലെന്നതിന്റെ പേരിൽ മുടി മുറിച്ചുകൊണ്ടുപോയി. മറ്റൊരു സംഭവം പണമിടപാടുകാർ അന്വേഷിച്ചു വന്ന സമയത്ത് മാനഹാനി ഭയന്ന് വീട്ടിനകത്തുകയറി ആത്മഹത്യ ചെയ്തു. അങ്ങനെയുള്ള വാർത്തകളും കേരളത്തിൽ വന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിലെ പണമിടപാടുകാർ മാത്രമല്ല തമിഴ്നാട് ഉൾപ്പെടെയുള്ള

സ്ഥലങ്ങളിൽനിന്ന് ആളുകൾ ഇവിടെ വന്ന് പാവപ്പെട്ടവരെ ഭീകരമായി ചൂഷണം ചെയ്യുകയാണ്. പലിശ എന്നു പറയുന്നത് 120 ശതമാനമാണ്. 1000 രൂപ എടുത്താൽ 100 രൂപ വച്ച് തിരിച്ചടച്ചുകൊണ്ടിരിക്കണം. അത് 120 ശതമാനം. 1000 രൂപയ്ക്ക് 2200 രൂപ കൊടുക്കേണ്ട സ്ഥിതിയാണുള്ളത്. ഇത്തരം ദാരുണമായ ഒരു അവസ്ഥ കേരളത്തിൽ നിലനിൽക്കുന്നുണ്ട്. ഇത് തടയുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുക എന്നതിനെ സംബന്ധിച്ച് വിശദീകരിക്കുമോ ?

ശ്രീ. വക്കം പുരുഷോത്തമൻ : സർ, ഗവൺമെന്റിന് ചെയ്യാവുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ്. ഇപ്പോൾതന്നെ ഇത് പ്രിവെന്റ് ചെയ്യുന്നതിനുള്ള പല വകുപ്പുകളും ചട്ടത്തിലുണ്ട്. പക്ഷേ ഞാൻ ആദ്യം പറഞ്ഞതാണ്, പരാതിയുള്ളവർ ബന്ധപ്പെട്ടവരെ സമീപിക്കുന്നില്ല. ഇതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും ഇൻസ്പെക്ടർമാരുമുണ്ട്. അവരെ സമീപിച്ചാൽ അവർ തക്കതായ നടപടികൾ സ്വീകരിക്കും. റെയ്ഡ് ചെയ്യേണ്ടത് റെയ്ഡ് ചെയ്യും. ഡോക്യുമെന്റ്സ് പിടിച്ചെടുക്കാൻ ഗവൺമെന്റിന് അധികാരമുണ്ട്. അതെല്ലാം വച്ച് നടപടി സ്വീകരിക്കാം. പ്രോസിക്യൂട്ട് ചെയ്യാം. അവരെ ശിക്ഷിക്കാം. അതിന് സഹകരണമാണ് വേണ്ടത്.

ശ്രീ. എം. എ. വാഹീദ് : പ്രാദേശിക തലങ്ങളിൽ ചെറിയ ചെറിയ ബ്ലേഡുകാർക്ക് ലൈസൻസും മറ്റു കാര്യങ്ങളൊന്നുമില്ല. എന്റെ നിയോജകമണ്ഡലത്തിലെ തീരദേശത്തെ കഠിനംകുളത്തും, ബഹുമാനപ്പെട്ട മന്ത്രിയുടെ നിയോജകമണ്ഡലമായ പെരുമാതുറയിലും പതിനായിരം രൂപ മുതൽ ഒന്നര കോടി രൂപ വരെ ലോൺ എടുത്തവരുണ്ട്. യാതൊരു രേഖയുമില്ല ആകെ ഒരു ബ്ലാങ്ക് ചെക്കും പിന്നെ 50 രൂപ പത്രത്തിൽ ഒപ്പു വച്ചതും. ഇതു കാരണം അവിടെ സാമൂഹ്യ പ്രശ്നവും ജാതി തിരിഞ്ഞുള്ള സംഘട്ടനങ്ങളും നടന്നു. ഒരുപാട് കേസുകൾ ഉണ്ടായി. ഇത് നിയന്ത്രിക്കാൻ യാതൊരു നടപടിയും സ്വീകരിക്കാനൊക്കാത്ത ഒരു സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. ഇങ്ങനെ ബ്ലാങ്ക് ചെക്ക് കൊടുത്ത് പണം വാങ്ങുന്നവരുടെ പേരിൽ നടപടി സ്വീകരിക്കുവാൻ എന്തെങ്കിലും പഴുത് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ നിയമത്തിൽ ഉണ്ടോ? ഉണ്ടെങ്കിൽ അത് എൻഫോഴ്സ് ചെയ്യാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. വക്കം പുരുഷോത്തമൻ : ഇതിപ്പോൾ കാശ് അത്യാവശ്യമുള്ളവർ പണം കൊടുക്കുന്നവർ പറയുന്ന രീതിയിൽ ബ്ലാങ്ക് പേപ്പറിൽ ഒപ്പിട്ടുകൊടുക്കുകയും ബ്ലാങ്ക് ചെക്ക് എഴുതി കൊടുക്കുകയും ചെയ്യും. ഇതിന് നമുക്ക് ഒരു പരിഹാരമുള്ളത് എഴുതി തന്നാൽ അത് പരിശോധിക്കാം. അവരുടെ വീട് റെയ്ഡ് ചെയ്യാം. അത് കണ്ടെടുക്കാം. അങ്ങനെയുള്ള നടപടികളല്ലാതെ മറ്റ് എന്താണ് ചെയ്യാൻ പറ്റുക. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് എന്തെങ്കിലും നിർദ്ദേശമുണ്ടെങ്കിൽ ഗവൺമെൻറ് അത് ചെയ്യാൻ തയ്യാറാണ്.

ശ്രീ. ബിനോയ് വിശ്വം : 1958-ലെ മണി ലെൻഡേഴ്സ് ആക്ട് പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു. അതിന് പല്ലും നഖവുമില്ല. ഈ കാര്യം മന്ത്രിക്കും

LIBRARY ARCHIVES Kerala Legislative Assembly

അറിയാം. ഇത് പരിഗണിച്ചുകൊണ്ട് അടിയന്തിരമായി ഈ ആക്ട് പൊളിച്ചെഴുതുന്നതിനുള്ള നടപടി സ്വീകരിക്കണം ഈ 12 ശതമാനത്തിനപ്പുറത്ത് പലിശ ഈടാക്കേണ്ടതില്ലെന്നു കാണിച്ച് ഓർഡിനൻസ് ഇറക്കണം. എല്ലാ സ്ഥലങ്ങളിലും പ്രവർത്തിക്കുന്ന സ്വകാര്യ സേനകളെയും മാഫിയ സംഘങ്ങളെയും നിരോധിച്ചുകൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. വക്കം പുരുഷോത്തമൻ</u> : അതാണ് ഞാൻ വ്യക്തമാക്കിയത് ഗവൺമെന്റ് 12 ശതമാനമായി കുറച്ചിട്ടുണ്ട്. ഇങ്ങനെ ഒരു അമെന്റുമെന്റ് ഉണ്ടെന്നു എന്റെ ശ്രദ്ധയിൽപ്പെട്ടത് വാസ്തവത്തിൽ ഈ ചോദ്യം വന്നപ്പോഴാണ്. അപ്പാൾ തന്നെ 12 ശതമാനമായി ഫിക്സ് ചെയ്തുകൊണ്ട് ഓർഡർ ഇറക്കി അടുത്ത ഗസറ്റിൽ വരും. ഇന്നത്തെ ചോദ്യങ്ങൾ വാസ്തവത്തിൽ ജനങ്ങൾക്ക് ഒരു പുതിയ അവയർനെസ് ഉണ്ടാക്കുമെന്നാണ് എന്റെ വിശ്വാസം. 12 ശതമാനത്തിൽ കൂടുതൽ കൊടുക്കേണ്ടതില്ല. 12 ശതമാനത്തിൽ കൂടുതൽ ചോദിച്ചാൽ അത് കൊടുക്കാതെ വേണമെന്നുണ്ടെങ്കിൽ കോടതിയിലോ മറ്റോ ഡെപ്പോസിറ്റ് ചെയ്താൽ മതി, എന്ന് ജനങ്ങൾ അറിയണം. അതിനെക്കുറിച്ച് ജനങ്ങൾക്ക് അവയർനെസ് ഉണ്ടാകണം. അത് ആരാണ് ഉണ്ടാക്കേണ്ടത്? പൊതുപ്രവർത്തകരാണോ? ഇപ്പോൾ നമ്മൾ ഒരാളിന്റെ പുറകേയല്ല; എല്ലാവരേയും പുറകേയാണ്. അമിത പലിശ കൊടുക്കേണ്ടതില്ല എന്ന് അവരെ ബോധ്യപ്പെടുത്താനും നിയമനടപടികൾ സ്വീകരിക്കുന്നതിന് അവരെ സഹായിക്കാനും നമ്മൾ കൂടി സഹകരിക്കണമെന്നാണ് ഞാൻ പറഞ്ഞത്. ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ കർശന നടപടി സ്വീകരിക്കാൻ തയ്യാറാണെന്ന് ഹൗസിന് ഞാൻ ഉറപ്പു തരുന്നു.

<u>ശ്രീ. എം. മുരളി</u> : സർ, ലൈസൻസ് സ്ഥാപനങ്ങളും അതിനെക്കാൾ എത്രയോ ഇരട്ടി ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങളും ഈ പറഞ്ഞതുപോലെ പ്രോമിസറി നോട്ടും ചെക്കും സ്വർണ്ണവും വാങ്ങിവച്ച് അമിത പലിശയ്ക്ക് പണം കൊടുക്കുകയാണ്. കൊമേഴ്സ്യൽ ടാക്സസ് ഡിപ്പാർട്ടുമെന്റിനെയാണ് അങ്ങ് ഇപ്പോൾ ഇതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ രജിസ്ട്രേഷനും മറ്റ് പരാതികൾ വന്നാൽ പരിശോധിക്കാനും റെയ്ഡ് നടത്താനും ഇവരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റും റെയ്ഡ് നടത്തുന്നുണ്ട്. പക്ഷേ സ്റ്റേറ്റ് ഗവൺമെന്റിന്റെ കൊമേഴ്സ്യൽ ടാക്സ്സ് ഡിപ്പാർട്ടുമെന്റിന് ഒരു റെയ്ഡും നടത്താൻ പറ്റുന്നില്ല. അതിനുള്ള ഫോഴ്സില്ല. അതുകൊണ്ട് ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ മാതൃകയിൽ കൊമേഴ്സ്യൽ ടാക്സസിൽ നിന്ന് വ്യത്യസ്തമായി ഒരു എൻഫോഴ്സുമെന്റ് സംവിധാനം, സ്വകാര്യ സ്വർണ്ണ പണയം ഉൾപ്പെടെയുള്ള പണമിടപാടുകാരെ കർശനമായി നിയന്ത്രിക്കാനും അവരുടെ രേഖകൾ ഏത് സമയത്തും പരിശോധിക്കാനും റെയ്ഡ് ചെയ്യാനുമുള്ള ഒരു പ്രത്യേക എൻഫോഴ്സുമെന്റ് സംവിധാനം രൂപീകരിക്കുമോ?

<u>ശ്രീ. വക്കം പുരുഷോത്തമൻ</u> : പുതിയ എൻഫോഴ്സുമെന്റ് സംവിധാനം ഒന്നും ഇല്ലാതെ ഞാൻ ഈ ഹൗസിന് ഉറപ്പു തരുന്നു. എല്ലാവർക്കും അറിയാം കേരളത്തിലെ മുഴുവൻ സ്ഥലവും റെപ്രസന്റ് ചെയ്തുകൊണ്ട് എം.എൽ.എ.-മാർ ഈ

LIBRARY ARCHIVES Kerala Legislative Assembly

ഹൗസിലുണ്ട്. നിങ്ങൾ ആരെയും പിണക്കേണ്ട. നിങ്ങളുടെ നിയോജകമണ്ഡലത്തിൽ ഇത്ര ബ്ലേഡ് കമ്പനികളുണ്ട് ഇന്നയിന്നവരെല്ലാമാണ് ആളുകൾ. നിങ്ങൾ രഹസ്യമായി വിവരം തന്നാൽ മതി. അവിടെ മുഴുവൻ റെയ്ഡ് ചെയ്യാം. അതിന് സൗകര്യമുണ്ട്. പോലീസിനെ നമുക്ക് ഉപയോഗിക്കാം എന്നെല്ലാം ഈ ആക്ടിൽ തന്നെ പറയുന്നുണ്ട്. അവിടെ എല്ലാം റെയ്ഡ് ചെയ്യാനും നടപടി എടുക്കാനും തയ്യാറാണ്. ബഹുമാനപ്പെട്ട എം.എൽ.എ. എഴുതി തന്നാൽ മതി. നാം ആരെയും പിണക്കാൻ തയ്യാറല്ല. അതാണ് കാര്യം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ ഉത്തരത്തിൽക്കൂടി ഈ പ്രശ്നത്തിൽ നിന്നു ഒഴിഞ്ഞുമാറുകയാണ്. കാരണം കഴിഞ്ഞ ഒന്നു ഒന്നരക്കൊല്ലമായി 1300 കൃഷിക്കാരുടെ ആത്മഹത്യയെപ്പറ്റി വന്നിട്ടുള്ളതിൽ ഏതാണ്ട് പകുതിയോളം പേരും ബ്ലേഡുകാരുടെ ഭീഷണിക്ക് വിധേയമായവരാണ്. ഇവർക്ക് ഒരു ഗുണ്ടാസംഘംതന്നെയുണ്ട്. ആ ഗുണ്ടാസംഘത്തെ നേരിടുന്നതിനും നിയമവിരുദ്ധമായി പലിശ ഈടാക്കുന്നത് തടയുന്നതിനും നിയമത്തിൽ വകുപ്പുണ്ട് എന്നു പറയുകയും ഈ ചോദ്യം വന്നപ്പോഴാണ് ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ ആ വകുപ്പിനെപ്പറ്റി ബോധ്യം വന്നത് എന്നും അദ്ദേഹംതന്നെ ഇപ്പോൾ സഭയിൽ പറഞ്ഞു. ഈ അധികാരം ഉണ്ടായിരിക്കെ, ഈ ബ്ലേഡുകാരായിട്ടുള്ളവർ ഗുണ്ടാസംഘങ്ങളുമായി ചെന്ന് ഭീഷണിപ്പെടുത്തി കൊലപ്പെടുത്തുക എന്നിങ്ങനെയുള്ള നടപടികൾ സ്വീകരിച്ചിട്ട് ഈ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും എന്തെങ്കിലും മാതൃകാപരമായ നടപടി ഒരു അഞ്ച് എണ്ണത്തിനെയെങ്കിലും പിടിച്ച് അവന്റെ കരണത്ത് അടികൊടുക്കാൻവേണ്ടിയുള്ള നടപടി സ്വീകരിച്ചതിനുശേഷമായിരുന്നു ബഹുമാനപ്പെട്ട മന്ത്രി പൊതുജന സഹകരണം അഭ്യർത്ഥിക്കേണ്ടിയിരുന്നത്. പൊതുജനങ്ങൾ വലഞ്ഞു. അതുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തു നിന്നുള്ള നടപടി ആദ്യം ഉണ്ടാകുകയെന്നുള്ളതാണ് വേണ്ടത്. അതിന് സന്നദ്ധമാണോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, എന്ത് നല്ല കാര്യം പറഞ്ഞാലും അദ്ദേഹത്തിന്റെ റിയാക്ഷൻ ഇതാണ്. അതുകൊണ്ട് അതേപ്പറ്റി എനിക്ക് മറുപടി പറയാൻ കഴിയുകയില്ല. അത് പിന്നെ ഞങ്ങളോട് മാത്രമല്ലാത്തതുകൊണ്ട് ഒരു സമാധാനമുണ്ട്. ഞാൻ ഇപ്പോഴാണ് അറിഞ്ഞതെന്ന് പറഞ്ഞത് ശരിയല്ല. എനിക്ക് മണി ലെൻഡേഴ്സ് ആക്ടിനെപ്പറ്റി അറിയാം. അതിന്റെ പ്രൊവിഷനും അറിയാം. പക്ഷേ കഴിഞ്ഞ ഫിനാൻസ് ബില്ലിൽ ഇങ്ങനെ ഗവൺമെന്റിനെ അധികാരപ്പെടുത്തിയിരുന്നത് ഇപ്പോഴേ മനസ്സിലാക്കാൻ കഴിഞ്ഞുള്ളൂ എന്നാണ് ഞാൻ പറഞ്ഞത്. ഞാൻ വന്നിട്ട് എത്ര മാസമായി എന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. അത് മനസ്സിലായ ഉടൻതന്നെ ഡിക്ലയർ ചെയ്തു. 12 ശതമാനത്തിൽ കൂടുതൽ ആരും പിരിക്കാൻ പാടില്ല. ബഹുജനങ്ങളുടെ സഹായം ചോദിച്ചു. എന്നെ ഒന്നു അറിയിച്ചാൽ മതി. ഞാൻ നടപടിയെടുക്കാം, അതു ചെയ്തുകൂടെ, ഞാൻ ആക്ഷൻ എടുക്കാം. ഞാൻ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

മാറുന്നില്ല. അതാണ് ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ മുമ്പിൽ തുറന്നു പറഞ്ഞത്. ആര് പറഞ്ഞാലും നടപടി എടുക്കാമെന്ന് പറഞ്ഞത്. 24 മണിക്കൂറിനകം നടപടി എടുക്കാൻ തയ്യാറാണ്. ഒഴിഞ്ഞുമാറുന്ന പ്രശ്നമേയില്ല.

ശ്രീ. ജോണി നെല്ലൂർ : സർ, അമിത പലിശ ഈടാക്കുന്നതിൽനിന്നു ജനങ്ങളെ രക്ഷിക്കാൻ കുറെയേറെ നടപടികൾ സ്വീകരിക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ധാരാളം മടിശ്ശീല ബാങ്കുകൾ ഉൾപ്പെടെ പ്രവർത്തിക്കുന്ന നമ്മുടെ നാട്ടിൽ അവരിൽ നിന്നു ജനങ്ങളെ മോചിപ്പിക്കുവാൻ സർക്കാർ സ്ഥാപനങ്ങൾ തുടങ്ങുക എന്നുള്ളതുമാത്രമാണ് അനിവാര്യമായ സംഗതി. കെ.എസ്.എഫ്.ഇ-യുടെ പുതിയ ശാഖകൾ തുടങ്ങാനുള്ള നിർദ്ദേശം പല സ്ഥലത്തുമുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ വാഴക്കുളം കേന്ദ്രമാക്കി ഒരു ശാഖ തുടങ്ങണമെന്ന ആവശ്യം വളരെ കാലമായിട്ടുണ്ട്.

മി. സ്പീക്കർ : അമിത പലിശ ഈടാക്കലാണ് ചോദ്യം.

ശ്രീ. ജോണി നെല്ലൂർ : അമിത പലിശ കുറയ്ക്കാൻവേണ്ടി കെ.എസ്.എഫ്.ഇ. യുടെ ഒരു ശാഖ എന്റെ നിയോജകമണ്ഡലത്തിൽ വാഴക്കുളത്തു തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, കെ.എസ്.എഫ്.ഇ.-യെക്കൊണ്ട് ശാഖകൾ തുറപ്പിക്കുവാൻ നടപടി സ്വീകരിക്കാം. അക്കൂട്ടത്തിൽ ബഹുമാനപ്പെട്ട ജോണിയുടെ നിയോജകമണ്ഡലവും പരിഗണിക്കാം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ഷൈലോക്കുമാരെപ്പോലും വെല്ലുന്ന ബ്ലേഡ് കമ്പനിക്കാർ ഏറ്റവും കൂടുതൽ ചൂഷണം ചെയ്തത് വയനാട് ജില്ലയിലെ ദരിദ്ര കർഷകരെയാണ്. ദരിദ്ര കർഷകരായ നൂറു കണക്കിനുപേർ ആത്മഹത്യയിലേയ്ക്ക് തള്ളിവീഴ്ത്തപ്പെട്ടപ്പോൾ ഗവൺമെന്റ് അതിന് ഒരു പരിഹാരം കാണുന്നതിനുവേണ്ടി അവിടുത്തെ കാർഷിക വികസന ബാങ്കുകളോടും പ്രൈമറി ബാങ്കുകളോടും കൃഷിക്കാർക്ക് കടം കൊടുക്കുന്നതിനുവേണ്ടി നിർദ്ദേശിച്ചു. പക്ഷേ പലിശ ആനുകൂല്യം എന്നുള്ള നിലയിൽ ഗവൺമെന്റു തന്നെ അത് വഹിക്കുമെന്ന് ഏൽക്കുകയും അതായത് 2004 ഒക്ടോബർ മാസം ഇതിനായിട്ടുള്ള സർക്കുലർ ഇറങ്ങിയെങ്കിലും വയനാട് ജില്ലയിൽ പ്രൈമറി ബാങ്കുകൾക്ക് കിട്ടേണ്ട അമ്പത്തിരണ്ടു കോടി രൂപ ഇതുവരെ ലഭിച്ചിട്ടില്ല. പ്രതിസന്ധിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ആ ബാങ്കുകാരെ രക്ഷിക്കുന്നതിന് അമ്പത്തിരണ്ടു കോടി രൂപ എത്രയും പെട്ടെന്ന് കൊടുക്കുന്നതിന് തീരുമാനം ഉണ്ടാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഈ ചോദ്യവുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യമാണ്. പ്രത്യേകമായി ചോദിച്ചാൽ പറയാം.

LIBRARY ARCHIVES Kerala Legislative Assembly